**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3711** **26-10-2021 - ൽ മറുപടിയ്ക്ക്**

**കല്ലൂർക്കാട് വെറ്ററിനറി ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി ആശുപത്രി ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി ആശുപത്രി ആക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലില്ല. സാധാരണ ഗതിയിൽ കൂടുതൽ വിസ്തീർണ്ണവും മൃഗസമ്പത്തും കേസുകളും ഉള്ള ഡിസ്പെൻസറികളെയാണ് മൃഗാശുപത്രികളായി ഉയർത്തുന്നത്. വെറ്ററിനറി ഹോസ്പിറ്റലിൽ അസിസ്റ്റന്റ് ഡയറക്ടറുടെ കേഡറിലുള്ള സീനിയർ വെറ്ററിനറി സർജനും, ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനും ആണ് ഹെഡ് ഓഫ് ഓഫീസായി പ്രവർത്തിക്കുന്നത്. ഈ തസ്തികകൾ തമ്മിൽ നിലവിലുള്ള നിയമപ്രകാരം സംസ്ഥാന തലത്തിൽ 1:3 എന്ന അനുപാതവും പാലിക്കേണ്ടതുണ്ട്. ആയതിനാൽ 3 വെറ്ററിനറി സർജന്റെ തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടുമ്പോഴേ ഒരു വെറ്ററിനറി ഡിസ്പെൻസറി ഹോസ്പിറ്റലായി അപ്ഗ്രേഡ് ചെയ്യാനാകുകയുള്ളൂ. |
| (ബി) | കല്ലൂർക്കാട് പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയെ ആവശ്യാധിഷ്ഠിത ഫീസിബിലിറ്റി പഠനം നടത്തി വെറ്ററിനറി ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ബി) | കല്ലൂർക്കാട് പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയെ ആവശ്യാധിഷ്ഠിത സാധ്യതാ പഠനം നടത്തി വെറ്ററിനറി ആശുപത്രി ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും, പഠന ഫലമായി നിലവിൽ കല്ലൂർക്കാട് ഡിസ്പെൻസറിയെ മൃഗാശുപത്രിയായി ഉയർത്തേണ്ട സാഹചര്യം നിലവിലില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ